# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4134 25.06.2014 - ൽ മറുപടിക്ക്

## പൈപ്പ് പൊട്ടിയതിനെക്കുറിച്ചുള്ള അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2013-ലെ ആറ്റുകാൽ പൊങ്കാലയുടെ തലേദിവസം തിരുവനന്തപുരത്ത് പൈപ്പ് പൊട്ടിയതുമായി ബന്ധപ്പെട്ട വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ ; | (എ) 2013-ലെ ആറ്റുകാൽ പൊങ്കാലയുടെ തലേ ദിവസം നടന്ന പൈപ്പുപൊട്ടലിനെക്കുറിച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ. ജയകുമാർ ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ ഉള്ള കമ്മീഷൻ അന്വേഷിക്കുകയുണ്ടായി. ടി റിപ്പോർട്ടിൻമേൽ വാട്ടർ അതോറിറ്റിയിൽ കൈകൊണ്ട നടപടികൾ ഇവയാണ്<br>1. പ്രധാന പൈപ്പ് ലൈനിൽ സ്ഥാപിച്ചിട്ടുള്ള വിവിധ വാൽവുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ടി വാൽവുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുകയും വാൽവ് ഓപ്പറേഷൻ സംബന്ധിച്ച ലോഗ് ബുക്ക് സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.<br>2. 400 മി.മീ. മുകളിലുള്ള വാൽവുകളുടെ സ്ഥാനം (ജി.പി.എസ്.) സംബന്ധിച്ച മാപ്പ് തയ്യാറാക്കാൻ നിർദ്ദേശം നൽകി. ഇതിനുപുറമേ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അറിവില്ലാതെ വാൽവുകൾ ഓപ്പറേറ്റ് ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

3. അടിയന്തിര ഘട്ടങ്ങളിൽ സേവനം ലഭ്യമാകത്തക്ക വിധത്തിൽ പരിചയസമ്പന്നരായ വിവിധ ജോലിക്കാരെ ഉൾക്കൊള്ളിച്ച് ഒരു അധിക ബ്ലൂ ബ്രിഗേഡ് ടീം രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. പരിചയ സമ്പന്നരായ കരാറുകാരുടെ ലിസ്റ്റ് എംപാനൽ ചെയ്യാൻ നിർദ്ദേശം നൽകി.

കൂടാതെ അരുവിക്കരയിൽ നിന്നും പേരൂർക്കട വരെയുള്ള പുതിയ 1200 എം.എസ്.പൈപ്പ് ലൈൻ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ആർക്കെങ്കിലുമെതിരെ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ